(ബി) ഇല്ല.

(സി) ശബരിമല വികസനത്തിന് വിട്ടുകിട്ടിയ വനഭൂമിക്ക് പകരമായി കമ്പക്കല്ല് എന്ന സ്ഥലത്ത് 305 ഏക്കർ റവന്യൂ ഭൂമി വിട്ടുകൊടുക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ

15 [3469] *ശ്രീ. വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) രൂപീകരണം സംബന്ധിച്ച ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ;

(സി) സർക്കാർ സംവിധാനമായ എച്ച്. ആർ. ആന്റ് സി. ഇ. ഡിപ്പാർട്ടുമെന്റ് ഏത് തരത്തിൽ നിലനിർത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) വകുപ്പിനെ രൂപീകരിക്കുന്ന ബോർഡിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെങ്കിൽ വകുപ്പ് ജീവനക്കാരെ എപ്രകാരം നിലനിർത്താമെന്നാണ് ഉദ്ദേശിക്കുന്നത്;

(ഇ) ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട മറ്റു വ്യവസ്ഥകൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനായി ഒരു ബിൽ നിയമസഭയിൽ 2001 ഡിസംബറിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇത് സഭ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടിരിക്കുകയാണ്. പ്രസ്തുത കമ്മിറ്റി കാസർഗോഡ്, കോഴിക്കോട് എന്നീ രണ്ട് ജില്ലകളിൽ യോഗം ചേർന്ന് തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ ഇനിയും തെളിവെടുപ്പ് നടത്താനുണ്ട്. തെളിവെടുപ്പ് പൂർത്തിയായി. സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞാൽ മാത്രമേ ബിൽ പരിഗണിക്കാൻ കഴിയുകയുള്ളൂ.

(സി) -- (ഇ) തെളിവെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ഈ കാര്യങ്ങളിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly